# പതിമൂന്നാം കേരള നിയമസഭ

## (പതിനൊന്നാം സമ്മേളനം)

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3414 23/06/2014-ൽ മറുപടിയ്ക്ക്

## ആധുനിക മത്സ്യമാർക്കറ്റ് നിർമ്മിക്കുന്നതിന് ധനസഹായം

| ചോദ്യം<br>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: | മറുപടി<br>ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
|---|---|
| (എ) ദേശീയ മത്സ്യ വികസന ബോർഡിന്റെയും സംസ്ഥാന തീരദേശ വികസന കോർപ്പറേഷന്റെയും സംയുക്ത സംരംഭമായി ആധുനിക മത്സ്യ മാർക്കറ്റ് നിർമ്മിക്കുന്നതിന് ധന സഹായം അനുവദിച്ചിട്ടുണ്ടോ; | (എ) ദേശീയ മത്സ്യ വികസന ബോർഡിന്റെ 90% ധനസഹായത്തോടെ സംസ്ഥാനത്തുടനീളം ആധുനിക ശുചിത്വ മത്സ്യമാർക്കറ്റുകൾ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ വഴി സ്ഥാപിക്കുന്നു. ഇതിന്റെ ഭാഗമായി 39 മാർക്കറ്റുകളുടെ നിർമ്മാണത്തിനായി അംഗീകാരം ലഭിച്ചു കഴിഞ്ഞു. ആകെ 7510.27 ലക്ഷം രൂപ അടങ്കൽ തുകയിൽ 6298.595 ലക്ഷം രൂപ ദേശീയ മത്സ്യ വികസന ബോർഡിന്റെ വിഹിതവും 1211.675 ലക്ഷം രൂപ സംസ്ഥാന വിഹിതവുമാണ്. മേൽ മാർക്കറ്റുകളുടെ നിർമ്മാണത്തിനായി 3648.29 ലക്ഷം രൂപ ദേശീയ മത്സ്യ വികസന ബോർഡിൽ നിന്നും 961.70 ലക്ഷം രൂപ സംസ്ഥാന സർക്കാരിൽ നിന്നും അനുവദിച്ചിട്ടുണ്ട്. ബാക്കി 13 മാർക്കറ്റിന്റെ പദ്ധതി തയ്യാറാക്കി ദേശീയ മത്സ്യ വികസന ബോർഡിന്റെ അനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ ഏതെല്ലാം മത്സ്യമാർക്കറ്റുകൾക്ക് ധനസഹായം അനുവദിച്ചു എന്ന് ജില്ല തിരിച്ച് വിശദമാക്കുമോ; | (ബി) പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി ധനസഹായം അനുവദിച്ചു മത്സ്യമാർക്കറ്റുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) കൊണ്ടോട്ടി മത്സ്യമാർക്കറ്റ് ആധുനികവൽക്കരിക്കുന്നതിന് സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ? | (സി) NFDB-ക്ക് അംഗീകാരത്തിനായി സമർപ്പിച്ച 13 മത്സ്യമാർക്കറ്റുകളുടെ നവീകരണത്തിനായുള്ള പ്രൊപ്പോസൽ ഇതുവരെ അംഗീകരിച്ചിട്ടില്ല. ആയത് ലഭിച്ചാലെ പുതിയ നിർദ്ദേശം സമർപ്പിക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ആഫീസർ

[redacted] [redacted]

## അനുബന്ധം

| ക്രമ നം | ഫിഷ്മാർക്കറ്റ് | അടങ്കൽ തുക (ലക്ഷ ത്തിൽ) | എൻ.എഫ്.ഡി.ബി. വിഹിതം (ലക്ഷത്തിൽ) | സംസ്ഥാന വിഹിതം (ലക്ഷ ത്തിൽ) | ജില്ല |
|---|---|---|---|---|---|
| 1 | കുളത്തൂർ | 137.55 | 117.25 | 20.3 | തിരുവനന്തപുരം |
| 2 | ചിറയിൻകീഴ് | 190.05 | 159.05 | 31.00 | തിരുവനന്തപുരം |
| 3 | പാങ്ങോട് | 250.00 | 225.00 | 25.00 | തിരുവനന്തപുരം |
| 4 | പൂവച്ചൽ | 103.57 | 87.11 | 16.47 | തിരുവനന്തപുരം |
| 5 | കഴക്കൂട്ടം | 232.64 | 195.68 | 36.96 | തിരുവനന്തപുരം |
| 6 | നെടുമങ്ങാട് | 238.5 | 200.6 | 37.9 | തിരുവനന്തപുരം |
| 7 | വെഞ്ഞാറമൂട് | 237.04 | 199.38 | 37.66 | തിരുവനന്തപുരം |
| 8 | കോന്നി | 225.75 | 189.873 | 35.877 | പത്തനംതിട്ട |
| 9 | പത്തനംതിട്ട | 250.00 | 225.00 | 25.00 | പത്തനംതിട്ട |
| 10 | പാലമേൽ | 174.61 | 141.372 | 33.238 | ആലപ്പുഴ |
| 11 | ചെങ്ങന്നൂർ | 103.74 | 83.99 | 19.75 | ആലപ്പുഴ |
| 12 | കരുവാറ്റ | 196.53 | 159.12 | 37.41 | ആലപ്പുഴ |
| 13 | ഏറ്റുമാനൂർ | 345.49 | 225 | 120.49 | കോട്ടയം |
| 14 | വൈക്കം | 162.24 | 146.02 | 16.22 | കോട്ടയം |
| 15 | ചങ്ങനാശ്ശേരി | 357.76 | 225.00 | 132.76 | കോട്ടയം |
| 16 | കോട്ടയം കോടിമാത | 240.27 | 202.00 | 38.27 | കോട്ടയം |
| 17 | മാഞ്ഞൂർ | 117.92 | 100.00 | 17.92 | കോട്ടയം |
| 18 | പള്ളുരുത്തി | 230.36 | 207.324 | 23.036 | എറണാകുളം |
| 19 | നോർത്ത് പറവൂർ | 250.00 | 225.00 | 25.00 | എറണാകുളം |
| 20 | ആലുവ | 250.00 | 225.00 | 25.00 | എറണാകുളം |
| 21 | തേവര | 150.00 | 121.5 | 28.5 | എറണാകുളം |
| 22 | മൂവാറ്റുപുഴ | 160.00 | 130.5 | 29.5 | എറണാകുളം |
| 23 | കാലടി | 239.77 | 201.67 | 38.1 | എറണാകുളം |
| 24 | ഉദയംപേരൂർ | 125.62 | 105.66 | 19.96 | എറണാകുളം |
| 25 | മുളംതുരുത്തി | 123.41 | 103.81 | 19.6 | എറണാകുളം |
| 26 | കുമിളി | 119.71 | 90.00 | 29.71 | ഇടുക്കി |
| 27 | തൊടുപുഴ | 161.2 | 135 | 26.20 | ഇടുക്കി |
| 28 | മാള | 70.72 | 63.65 | 7.07 | തൃശ്ശൂർ |
| 29 | വടക്കാഞ്ചേരി | 103.45 | 87.00 | 16.45 | തൃശ്ശൂർ |
| 30 | ഇരിഞ്ഞാലക്കുട | 250.00 | 225.00 | 25.00 | തൃശ്ശൂർ |
| 31 | പട്ടാമ്പി | 237.82 | 200 | 37.82 | പാലക്കാട് |
| 32 | നിലമ്പൂർ | 151.32 | 136.188 | 15.132 | മലപ്പുറം |
| 33 | വൂർ | 112.31 | 90.00 | 22.31 | മലപ്പുറം |
| 34 | കൽപ്പറ്റ | 148.72 | 133.848 | 14.872 | വയനാട് |
| 35 | സുൽത്താൻബ ത്തേരി | 196.56 | 171.00 | 25.56 | വയനാട് |
| 36 | പയ്യോളി | 115.63 | 90.00 | 25.63 | കോഴിക്കോട് |
| 37 | തലശ്ശേരി | 250.00 | 225.00 | 25.00 | കണ്ണൂർ |
| 38 | കണ്ണൂർ | 250.00 | 225.00 | 25.00 | കണ്ണൂർ |
| 39 | കാസർഗോഡ് | 250.00 | 225.00 | 25.00 | കാസർഗോഡ് |
| | ആകെ | 7510.27 | 6298.595 | 1211.675 | |

സെക്ഷൻ ആഫീസർ